| | | | |
|---|---|---|---|
| Published Date: | 12 Oct 2018 | Publication: | Madhyamam (Malayalam) |
| Edition: | Kochi | Page No: | 10 |
| MAV/CCM: | 14232/11.86 | Circulation: | 26898 |

# ടി.സി.എസ് ഐ.ടി ക്വിസ് 31ന്

**കൊച്ചി:** പ്രമുഖ ഐ.ടി, കൺസൾട്ടിങ് സേവനദാതാക്കളായ ടാറ്റ കൺസൾട്ടൻസി സർവിസസ് സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സാങ്കേതികവിദ്യ പ്രശ്നോത്തരിയായ ടി.സി.എസ് ഐ.ടി വിസ് 2018ന്റെ കൊച്ചി എഡിഷൻ മത്സരങ്ങൾ 31ന് കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആൻഡ് കൺവൻഷൻ സെൻററിൽ നടക്കും.

എട്ടുമുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് പങ്കെടുക്കാം. ഓരോ സ്കൂളിൽനിന്ന് രണ്ടുപേർ വീതമടങ്ങിയ എട്ട് ടീമിനുവരെ പങ്കെടുക്കാം. പ്രവേശനം സൗജന്യം. താൽപര്യമുള്ള സ്കൂളുകൾ ഒക്ടോബർ 29നു മുമ്പ് ടി.സി.എസ് ഐ.ടി ക്വിസ് കോഓഡിനേറ്റർ, ടാറ്റ കൺസൾട്ടൻസി സർവിസസ്, ടി.സി.എസ് സെൻറർ, സെസ് യൂനിറ്റ്, ഇൻഫോപാർക്ക് പി.ഒ, കൊച്ചി -682 041 വിലാസത്തിൽ എൻട്രി അയക്കണം. www.tcstiwiz.com ൽ ഓൺലൈനായും രജിസ്റ്റർ ചെയ്യാം.

ഒന്നാം സ്ഥാനക്കാർക്ക് 60,000 രൂപയും റണ്ണേഴ്സ് അപ്പിന് 40,000 രൂപയുമാണ് സമ്മാനം.